പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4905 27/10/2016 ൽ മറുപടിക്ക്

**റീ-സർവ്വെ നടപടികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വെ നടപടികൾ നിർത്തിവച്ചത് എന്നായിരുന്നു; റീസർവ്വെ നടപടികൾ പുനഃരാരംഭിക്കുമോ; എങ്കിൽ എന്നുമുതലെന്ന് വിശദമാക്കാമോ; | (എ) സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 409/2012/റവന്യൂ തീയതി 31/10/2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീസർവ്വേ നടപടികൾ പുനരാരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |
| (ബി) സംസ്ഥാനത്ത് മൊത്തം എത്ര വില്ലേജുകളുണ്ട്; അതിൽ എത്ര വില്ലേജുകളിൽ റീ-സർവ്വെ പൂർത്തിയായിട്ടുണ്ട്; ബാക്കിയുള്ള വില്ലേജുകളിൽകൂടി എന്നത്തേക്ക് റീ-സർവ്വെ നടപടികൾ പൂർണ്ണമായും പൂർത്തിയാകും; വിശദാംശങ്ങൾ നൽകുമോ; | (ബി) സംസ്ഥാനത്താകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 8 വില്ലേജുകളിൽ റീസർവ്വേ പൂർത്തിയാക്കി സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനവും, 53 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരം റിക്കാർഡുകൾ പ്രദർശിപ്പിക്കുന്ന വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട് |
| (സി) റീ-സർവ്വെ നടപടികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാരിന്റെ മുന്നിലുള്ള പ്രതിസന്ധികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ? | (സി) റീസർവ്വേ നടന്ന വില്ലേജുകളിലെ പരാതികൾ തീർപ്പാക്കുവാൻ ശ്രേഷിക്കുന്നു. സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ പ്രതിസന്ധികൾ കണക്കിലെടുത്ത്, റീസർവ്വേ നടപടികൾ പുനരാരംഭിച്ച് എപ്രകാരം സമയബന്ധിതമായി പൂർത്തിയാക്കാം എന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ